(ഡി) പരാതികൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വാർഡ് പുനർനിർണ്ണയം സംബന്ധിച്ച പ്രവർത്തനങ്ങൾ നടന്നു വരികയാണെന്നും 940 ഗ്രാമപഞ്ചായത്തുകളുടെ വാർഡ് വിഭജനം സംബന്ധിച്ച് ജില്ലാകളക്ടർമാരും 42 മുനിസിപ്പാലിറ്റികളുടെ വാർഡ് വിഭജനം സംബന്ധിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷനും അന്തിമ ഉത്തരവ് പുറപ്പെടുവിച്ചതായി തെരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചിട്ടുണ്ട്. ബാക്കി ഗ്രാമ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റി കോർപ്പറേഷനുകളുടെയും വാർഡ് വിഭജനം സംബന്ധിച്ച കരട് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് എന്നും ഗ്രാമ പഞ്ചായത്തുകളുടെ വാർഡ് വിഭജനം സംബന്ധിച്ച് റിവ്യൂ പെറ്റിഷൻ തീർപ്പാക്കുന്ന മുറയ്ക്ക് ബ്ലോക്ക് പഞ്ചായത്തുകളുടെയും തുടർന്ന് ജില്ലാ പഞ്ചായത്തുകളുടെയും വാർഡ് വിഭജന നടപടികൾ നടത്തുന്നതാണെന്നും തെരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചിട്ടുണ്ട്.

(ബി),(സി)&(ഡി) 12561 ഗ്രാമപഞ്ചായത്തുകളുടെ വാർഡുകളെ സംബന്ധിച്ച് 8083 പരാതികൾ ജില്ലാ കളക്ടർക്കും 1564 മുൻസിപ്പൽ വാർഡുകളുടെ വികസനം സംബന്ധിച്ചു 556 പരാതികൾ തെരഞ്ഞെടുപ്പ് കമ്മിഷനും ലഭിച്ചതായും ഈ പരാതികൾ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ നിയോഗിച്ച് അന്വേഷിക്കുകയും റിപ്പോർട്ട് ലഭ്യമായശേഷം പരാതിക്കാരനേയിൽ കേട്ട് കളക്ടർമാരും തെരഞ്ഞെടുപ്പ് കമ്മിഷനും യഥാക്രമം പഞ്ചായത്തിന്റെയും മുൻസിപ്പാലിറ്റിയുടെയും പരാതികൾ തീർപ്പാക്കിയതായും ഇങ്ങനെ പുറപ്പെടുവിച്ച അന്തിമ ഉത്തരവിനെതിരെ പഞ്ചായത്തിനെ സംബന്ധിച്ചു 1786 റിവിഷൻ ഹർജികളും മുൻസിപ്പാലിറ്റിയെ സംബന്ധിച്ചു 37 റിവ്യൂ ഹർജികളും ലഭിച്ചതായും ഈ പരാതികളും പരിശോധിച്ചുവരികയാണെന്നും റിവ്യൂഹർജിക്കാരെ മുഖാമുഖം കേട്ടശേഷം മാത്രമേ അവസാന തീരുമാനമെടുക്കുകയുള്ളുവെന്നും തെരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചിട്ടുണ്ട്.

113 (693) പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലെ വാർഡ് വിഭജനം

ശ്രീ. കടന്നപ്പിള്ളി രാമകൃഷ്ണൻ :
ശ്രീ. പി.കെ. കുഞ്ഞാലൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലെ വാർഡ് വിഭജനം നടത്തുന്നതിന് സർക്കാർ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വാർഡ് വിഭജനം സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിന് ഏതു സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്;

(സി) ഇത് സംബന്ധിച്ച പരാതികളിൽ ഹിയറിംഗ് നടത്തി തീർപ്പു കൽപിക്കാൻ ഉദ്യോഗസ്ഥർമാരെ ചുമതലപ്പെടുത്തിയിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉദ്യോഗസ്ഥൻമാർ തീർപ്പു കൽപിച്ച പരാതികളിൽ വീണ്ടും അപ്പീൽ നൽകാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) പരാതികളിൽ തീർപ്പു കൽപിച്ചശേഷം വീണ്ടും പരാതി ഉണ്ടാ യിരുന്നവരുടെ കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കു ന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഇ) സംസ്ഥാനത്തെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേ ഷനുകളിലെ വാർഡ് വിഭജനം നടത്തിയിരുന്നത് പഞ്ചായത്തും, മുനിസിപ്പാ ലിറ്റി എന്നീ വകുപ്പുകളിലൂടെ സംസ്ഥാന സർക്കാർ തന്നെയായിരുന്നു. ആ വ്യവസ്ഥ മാറ്റി വാർഡ് വിഭജനം, സംവരണ വാർഡ് നിശ്ചയിക്കൽ, സംവ രണ അദ്ധ്യക്ഷ സ്ഥാനങ്ങൾ നിശ്ചയിക്കൽ തുടങ്ങിയ ചുമതലകളും ഒരു സ്വതന്ത്രഭരണഘടനാ സ്ഥാപനമായ സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷനെ അധികാരപ്പെടുത്തി അതിനുവേണ്ടി കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം എന്നീ നിയമങ്ങൾ ഭേദഗതി ചെയ്യുകയുണ്ടായി.

സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ നിയമവ്യവസ്ഥകൾക്ക് അനു സൃതമായി വ്യക്തവും സുതാര്യവുമായ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച തായി അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തു സെക്രട്ടറിമാർ, പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ കളക്ടർമാർ എന്നിവരുമായും ഒടുവിൽ രാഷ്ട്രീയപാർട്ടികളുടെ പ്രതിനിധികളുമായും ചർച്ച നടത്തി സ്വരൂപിച്ച അഭി പ്രായങ്ങൾകൂടി കണക്കിലെടുത്താണ് മാർഗനിർദ്ദേശങ്ങൾ കമ്മീഷൻ തയ്യാറാ ക്കിയതെന്ന് എന്നറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തു വാർഡ് വിഭജനം നട ത്തുന്ന ചുമതല ജില്ലാ കളക്ടർമാരെ ഏൽപിക്കാനും ബ്ലോക്ക്/ജില്ലാ പഞ്ചായ ത്തുകളുടെയും, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളുടെയും വാർഡ് വിഭജനം നേരിട്ട് നടത്താനും, തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചതായി കമ്മീഷൻ അറിയിച്ചിട്ടുണ്ട്. കരട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് പഞ്ചായത്ത് സെക്രട്ട റിമാരേയും, മുനിസിപ്പൽ സെക്രട്ടറിമാരേയും ചുമതലപ്പെടുത്തി അവർ തയ്യാ റാക്കിയ കരട് നിർദ്ദേശങ്ങൾ പ്രാഥമിക പരിശോധന നടത്തി പ്രസിദ്ധപ്പെടു ത്തുകയും ചെയ്തു എന്ന് നിർദ്ദിഷ്ട വാർഡുകളിലെ വീടുകളുടെ എണ്ണം, വീടുകളുടെ നമ്പരുകൾ, ആളുകളുടെ എണ്ണം, നാലു ദിക്കുകളുടേയും അതി രുകൾ തുടങ്ങിയ വിശദവിവരങ്ങൾ കാണിച്ചിരുന്നു എന്നും കരട് നിർദ്ദേശങ്ങ ളിൽമേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും നൽകുന്നതിന് 15 ദിവ സത്തെ സമയം അനുവദിച്ചു എന്നും കരട് നിർദ്ദേശങ്ങൾ പഞ്ചായത്തിലെ ഓരോ വാർഡുകളിലും ഗസറ്റിലും പ്രസിദ്ധീകരിച്ചു എന്നും ആ കാര്യം പത്ര ങ്ങളിലും നൽകിയിരുന്നു എന്നും കരടല്ല നിർദ്ദേശങ്ങളുടെ മൂന്ന് കോപ്പികൾ വീതം രാഷ്ട്രീയപാർട്ടികളുടെ വാർഡുമല്ല സമിതികൾക്ക് സൗജന്യമായി നൽകുകയും ചെയ്തു എന്ന് ജില്ലാതലത്തിൽ തെരഞ്ഞെടുത്ത് പരിശീലനം നൽകിയ ഉദ്യോഗസ്ഥൻമാരെക്കൊണ്ട് പരാതികൾ പരിശോധിപ്പിച്ചു വിശദ മായ റിപ്പോർട്ട് വാങ്ങി, അതിനുശേഷം ഓരോ പരാതിക്കാരനും പറയാനു ള്ളതു മുഴുവൻ നേരിട്ട് കേൾക്കുന്നതിന് ഹിയറിംഗ് നടത്തിയശേഷം മാത്ര മാണ് അവസാന തീർപ്പ് കൽപിച്ചതെന്നും അങ്ങനെ പുറപ്പെടുവിച്ച അവ സാന ഉത്തരവിന്റെ പകർപ്പുകൾ രാഷ്ട്രീയപാർട്ടികളുടെ പ്രതിനിധികൾക്ക് സൗജന്യമായി നൽകി എന്നും വാർഡുതോറും പ്രസിദ്ധപ്പെടുത്തുകയും ചെയ്തു എന്നും തെരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചിട്ടുണ്ട്. കളക്ടർമാരും

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുപ്പുകമ്മിഷനും പുറപ്പെടുവിച്ച അന്തിമ ഉത്തരവിനെതിരെ റിവ്യൂ ഹർജികൾ നൽകുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ ഓർഡിനൻസ് പുറപ്പെടുവിക്കുകയും ചെയ്തു. അതനുസരിച്ച് 12561 വാർഡുകളുടെ പുനർനിർണ്ണയം സംബന്ധിച്ചു പുറപ്പെടുവിച്ച അവസാന ഉത്തരവിനെതിരെ ലഭിച്ചത് 1206 റിവ്യൂ ഹർജികൾ മാത്രമാണെന്നും, അതു പോലെ 1554 മുനിസിപ്പൽ വാർഡുകളുടെ അവസാന തീരുമാനം സംബന്ധിച്ചു ലഭിച്ച റിവ്യൂ ഹർജികളുടെ എണ്ണം 37 മാത്രമാണെന്നും ഈ റിവ്യൂ ഹർജികൾ സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ പരിശോധിച്ചുവരികയാണെന്നും മാർച്ച് മാസത്തോടെ അന്തിമ ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുമെന്നാണ്. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രതീക്ഷിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്.

114 (694) പഞ്ചായത്തുകളുടെ വാർഡ് വിഭജനം

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ വാർഡ് വിഭജനം സംബന്ധിച്ച് അപ്പീൽ പരിശോധിച്ച് അന്തിമതീരുമാനം ഇലക്ഷൻ കമ്മീഷൻ എന്നത്തേയ്ക്കു പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) വാർഡുകളുടെ എണ്ണം കൂടുകയും ഘടന മാറുകയും ചെയ്തതിനാൽ പുതുതായി വോട്ടർപട്ടിക തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സംവരണവാർഡുകൾ നിർമ്മിക്കുന്ന രീതി എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള എല്ലാ സംവരണ വാർഡുകളും ജനറൽവാർഡുകൾ ആക്കാനും ജനറൽ വാർഡുകളിൽ ചിലത് സംവരണ വാർഡുകളാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് ലഭിച്ച റിവ്യൂ ഹർജികൾ മാർച്ച് മാസത്തിൽ തീർപ്പാക്കാവുന്നതാണെന്നും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ച റിവിഷൻ ഹർജികൾ നൽകാനുള്ള സമയംമായിട്ടില്ല എന്നും കമ്മിഷൻ അറിയിച്ചിട്ടുണ്ട്.

(ബി) ഗ്രാമപഞ്ചായത്ത് വാർഡ് വിഭജനം പൂർത്തിയായാൽ മാത്രമേ വോട്ടർ പട്ടിക പുതുക്കാൻ നടപടി എടുക്കാൻ സാധിക്കുകയുള്ളൂ.

(സി)-(ഡി) പഞ്ചായത്ത് രാജ് നിയമം 10(ഇ) പ്രകാരം പട്ടികജാതികൾക്കും പട്ടികവർഗ്ഗങ്ങൾക്കും സ്ത്രീകൾക്കും സംവരണം ചെയ്യേണ്ടതായ നിയോജകമണ്ഡലങ്ങൾ ആവർത്തനക്രമമനുസരിച്ച് ഏതു നിയോജകമണ്ഡലത്തിലേക്കാണ് ഉൾപ്പെടുത്തേണ്ടതാണെന്നും സംഘടനാ തെരഞ്ഞെടുപ്പ് കമ്മിഷൻ ഇതിലേക്കായി വിജ്ഞാപനം വഴി നിശ്ചയിക്കുന്ന സമയത്തും തീയതിയ്ക്കും സ്ഥലത്തുംവച്ച് കമ്മീഷൻ ഇതിലേക്കായി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നറുക്കെടുപ്പിലൂടെ തീരുമാനിക്കേണ്ടതാണ്. ഇങ്ങനെ തീരുമാനിക്കുമ്പോൾ നിലവിലുള്ള സംവരണ വാർഡുകൾ ജനറൽ വാർഡുകളാകുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly